പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6276 07.11.2016-ലെ മറുപടിക്ക്

# തിരുവനന്തപുരത്തെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. രാജഗോപാൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പേയാട് ജംഗ്ഷനിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരക്ക് ഒഴിവാക്കുന്നതിനും, വിളവൂർക്കൽ പഞ്ചായത്ത് പ്രദേശമായ മങ്കാട്ട്കടവ് മേഖലയിലെ ജനങ്ങളുടെ യാത്രാ സൗകര്യം സുഗമമാക്കുന്നതിനുമായി, കാട്ടക്കട താലൂക്കിലെ കാട്ടാക്കട, വെള്ളറട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് തിരുവന്തപുരത്തേക്കുള്ള ഷെഡ്യൂളുകളിൽ 25 ശതമാനം തച്ചോട്ട്കാവ് - മങ്കാട്ട്കടവ് വഴി തിരുമല എത്തുന്നതിനും തിരുവനന്തപുരത്ത് നിന്ന് മടക്കയാത്രയിൽ തിരുമല നിന്നും മങ്കാട്ട് കടവ് - തച്ചോട്ട്കാവ് വഴി സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (എ) | പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നഗര സൗകര്യങ്ങൾ ഗ്രാമങ്ങളിൽ ലഭ്യമാക്കുന്ന ദൗത്യത്തിന്റെ നിർവ്വഹണത്തിനായി ആറ്റിങ്ങൽ, കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്ന് തിരുവനന്തപുരത്ത് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന ബസ് സർവ്വീസുകൾ കാഞ്ഞിരംകുളം, പൂവ്വാർ - ഊരമ്പ് വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുപോലെ കിളിമാനൂർ, വെഞ്ഞാറമൂട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളി | (ബി) | ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ നിന്ന് തിരുവനന്തപുരം തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ കാഞ്ഞിരംകുളം, പൂവ്വാർ, ഊരമ്പ് ഭാഗങ്ങളിലേക്ക് ദീർഘിപ്പിക്കുന്നത് നെയ്യാറ്റിൻകര, പൂവ്വാർ, വിഴിഞ്ഞം, വെള്ളറട, പാറശ്ശാല ഡിപ്പോകളിൽ നിന്നുള്ള സർവ്വീസുകളുടെ കളക്ഷനെയും, ഷെഡ്യൂളുകളെയും കാര്യമായി ബാധിക്കുമെന്നുള്ളതിനാൽ ഇത്തരം സർവ്വീസുകൾ ദീർഘിപ്പിച്ച് നൽകുവാൻ സാധിക്കുകയില്ല. ഇതുപോലെ തന്നെ കിളിമാനൂർ, വെഞ്ഞാറമൂട് കെ.എസ്.ആർ. |

| | | | |
|---|---|---|---|
| | ൽ നിന്ന് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന സർവ്വീസുകൾ വിഴിഞ്ഞം - പൂവ്വാർ - പൊഴിയൂർ വരെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ടി.സി ഡിപ്പോകളിൽ നിന്ന് തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ വിഴിഞ്ഞം - പൂവാർ - പൊഴിയൂർ വരെ ദീർഘിപ്പിക്കുന്നത് മൂലം വിഴിഞ്ഞം, പൂവ്വാർ, പാറശ്ശാല, നെയ്യാറ്റിൻകര, വെള്ളറട തുടങ്ങിയ ഡിപ്പോകളിലെ ഷെഡ്യൂളുകളുടെ കളക്ഷനെ കാര്യമായി ബാധിക്കുമെന്നുള്ളതിനാൽ ഇത്തരം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല. |
| (സി) | പൂവ്വാർ, പാറശ്ശാല, വിഴിഞ്ഞം ഡിപ്പോകളിൽ നിന്ന് തമ്പാനൂരിൽ യാത്ര അവസാനിപ്പിക്കുന്ന ബസ് സർവ്വീസുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജ്, കുടപ്പനക്കുന്ന്, സിവിൽ സ്റ്റേഷൻ മേഖലകളിലേക്ക് ദീർഘിപ്പിച്ച് തമ്പാനൂരിലെ ഗതാഗത തിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിലേക്കായി പൂവ്വാർ, പാറശ്ശാല, വിഴിഞ്ഞം ഡിപ്പോകളിൽ നിന്നും തമ്പാനൂരിൽ അവസാനിക്കുന്ന സർവ്വീസുകൾ മെഡിക്കൽ കോളേജ് - കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷൻ ഭാഗങ്ങളിലേക്ക് ദീർഘിപ്പിച്ച് നൽകുവാൻ സാധിക്കുകയില്ല. നിലവിൽ തമ്പാനൂർ, തിരുവനന്തപുരം ഡിപ്പോകളിൽ നിന്നും മെഡിക്കൽ കോളേജിലേക്കും കുടപ്പനക്കുന്നിലേക്കും സർവ്വീസ് നടത്തുന്നുണ്ട്. |
| (ഡി) | പാപ്പനംകോട് ഡിപ്പോയിൽ നിന്ന് വെള്ളായണി ക്ഷേത്രം - കാർഷിക കോളേജ് - പാലപ്പൂര് വഴി തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് യാത്രാസൗകര്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ബസ്സുകളുടെ ലഭ്യതക്കനുസൃതമായി യാത്രാ സൗകര്യം മെച്ചപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പേരൂർക്കട സിറ്റി ഡിപ്പോയിൽ നിന്ന് പാളയം - കിഴക്കേകോട്ട വഴി തിരുവല്ലം - പാലപ്പൂര് - കാർഷിക കോളേജ് ഷെഡ്യൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും പ്രസ്തുത ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുതിയ ബസ്സുകളുടെ ലഭ്യതക്കനുസൃതമായി മാത്രമേ പേരൂർക്കടയിൽ നിന്നും ഷെഡ്യൂൾ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിന് കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ